## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2753** **10.07.2015 ൽ മറുപടിയ്ക്ക്**

## ഇടുക്കി, കുട്ടനാട് പാക്കേജ്

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് | ഉത്തരം<br>ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇടുക്കി, കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ ഏതു ഘട്ടം വരെയായിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ കീഴിൽ അംഗീകാരം ലഭിച്ച വിവിധ പദ്ധതികൾ പുരോഗമിക്കുന്നു. പാക്കേജുകളുടെ കാലാവധി കഴിഞ്ഞു എന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടെങ്കിലും വിഭാവനം ചെയ്തിട്ടുള്ള പ്രധാന പ്രവർത്തികളായ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, എന്നിവയുടെ നവീകരണം, എ.സി. കനാൽ, പുറം ബണ്ട് നിർമ്മാണം (കുട്ടനാട് പാക്കേജ്), ഗ്രാമീണ റോഡ് നിർമ്മാണം, വാട്ടർ ഷെഡ് നിർമ്മാണം, ചെക്ക് ഡാം (ഇടുക്കി പാക്കേജ്) എന്നിവ പൂർത്തീകരിച്ചിട്ടില്ല.<br>ഇടുക്കി കുട്ടനാട് പാക്കേജുകളുടെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ ബഹു മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് നല്കിയിരുന്നു. എന്നാൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നുമാണ് കേന്ദ്രം അറിയിച്ചിട്ടുള്ളത്.<br>നാളിതുവരെ ലഭിച്ച പുരോഗതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി കുട്ടനാട് പാക്കേജുകളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (ബി) ഈ പാക്കേജിന്റെ ലക്ഷ്യം എന്താണ് ; ഇതിന്റെ ഗുണഭോക്താക്കളെ ഏതു മാനദണ്ഡത്തിലാണ് നിശ്ചയിക്കുന്നത് ; വിശദമാക്കുമോ ; | (ബി) പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക, മെച്ചപ്പെട്ട ജീവിതമാർഗ്ഗം ഉറപ്പുവരുത്തുക തുടങ്ങിയവയാണ് ഈ പാക്കേജിന്റെ ലക്ഷ്യം. പദ്ധതികൾ വിവിധ വകുപ്പുകൾ അവയുടെ തുടർ പദ്ധതികളിൽ |

ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളെ അതാത് വകുപ്പുകൾ പദ്ധതികളുടെ വിവിധ മാനദണ്ഡങ്ങൾക്കനുസൃതമായാണ് നിശ്ചയിക്കുന്നത്.

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(ഡി) ഈ പാക്കേജിൽ കേന്ദ്ര സഹായം ലഭിക്കുമോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(സി) & (ഡി) ഇടുക്കി കുട്ടനാട് പാക്കേജുകൾ പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള (ongoing) കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. കുട്ടനാട് ഇടുക്കി പാക്കേജുകൾക്കായി നാളിതുവരെ ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പാക്കേജ് | MSSRF റിപ്പോർട്ട് തുക (കോടി രൂപ) | അംഗീകാരം ലഭിച്ച തുക (കോടി രൂപ) | റിലീസ് ചെയ്ത തുക (കോടി രൂപ) | ചെലവഴിച്ച തുക (കോടി രൂപ) |
|---|---|---|---|---|
| കുട്ടനാട് | 1840.4 | 1268.56 | 575.48 | 507.801 |
| ഇടുക്കി | 764.42 | 485.87 | 267.98 | 235.29 |

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കീഴിൽ അനുവദിച്ച 300 കോടി രൂപയിൽ 96.62 കോടി രൂപ കൂടി കേന്ദ്ര സർക്കാർ റിലീസ് ചെയ്യേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## കുട്ടനാട് പാക്കേജ്

| Dept./Agency | Cost Outlay as per MSSRF Report | Projects prepared | Sanctioned | Released | Utilized |
|---|---|---|---|---|---|
| | | | Amount (Rs.in crores) | | |
| Irrigation | 1518.5 | 2348.555 | 771.8425 | 198.5902 | 182.9941 |
| Agriculture | 188.20 | 157.860 | 129.91 | 82.9931 | 81.5421 |
| SHM | 10 | 14.6588 | 9.40725 | 9.32725 | 9.32815 |
| KAU | 13.2 | 21.493 | 21.493 | 21.293 | 16.2522 |
| Animal Husbandry, KLDB | 4.73 | 11.39 | 9.22 | 7.14 | 6.91775 |
| Fisheries, ADAK, MATSYAFED | 4.77 | ·4.72 | 4.4 | 2.34 | 2.36 |
| Environment, FIRMA, Forest | 35.5 | 22.5 | 21.79 | 17.239 | 14.579 |
| Tourism | 0.5 | 0.5 | 0.5 | 0.5 | 0.12 |
| 13th FCA | 65 | 300 | 300 | 236.057 | 193.7073 |
| **TOTAL** | **1840.400** | **2881.677** | **1268.563** | **575.480** | **507.801** |

## ഇടുക്കി പാക്കേജ്

| Dept./Agency | Approved as per MSSRF Report | Projects prepared | Sanctioned | Released | Utilized |
|---|---|---|---|---|---|
| | | | Amount (Rs.in crores) | | |
| Agriculture | 10.2 | 7.999 | 5.40 | 3.4382 | 3.4382 |
| SHM | 17.68 | 42.420 | 33.701 | 29.157 | 27.646 |
| VFPCK | 2.59 | 0.467 | 0.467 | 0.467 | 0.467 |
| Minor Irrigation | 10 | 26.00 | 11.60 | 11.60 | 10.2761 |
| Animal Husbandry | 91. 15 | 91.15 | 82·75 | 55.0487 | 48.7110 |
| Fisheries | 1.4 | 1.40 | 1.40 | 1.19 | 0.4041 |
| Spices Board | 194.05 | 201.58 | 167.95 | 90.95 | 92.59 |
| Tea Board | 30.5 | 0.00 | 6.70 | 6.70 | 6.70 |
| Coffee Board | 5.65 | 0.00 | 5.4185 | 5.4185 | 5.4185 |

| | | | | | |
|---|---|---|---|---|---|
| Coconut Development Board | 63.3 | 9.319 | 4.0863 | 3.0875 | 2.8438 |
| LSGD | 80 | 188.57 | 66.41 | 2.93 | 0.7109 |
| Rural Development | 250 | 184.00 | 96.20 | 54.2086 | 32.3018 |
| Forest | 5.4 | 0.00 | 3.79 | 3.79 | 3.7859 |
| Kerala Water Authority | 2.5 | - | - | - | - |
| **Total** | **764.42** | **752.91** | **485.87** | **267.99** | **235.29** |

സെക്ഷൻ ഓഫീസർ